Ref.
R1/OVC/220427

Date:
27-04-2022

# സെനറ്റ് മീറ്റിംഗ്  റിപ്പോർട്ട്

**തിയ്യതി:** 20 മാർച്ച് 2022, ഞായർ
**സമയം:** ഉച്ചക്ക് 2.00 മണി മുതൽ വൈകീട്ട് 4.30 വരെ

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ 2021-22 അധ്യയന വർഷത്തെ വാർഷിക സെനറ്റ് യോഗം 20-03-2022 ന് ഉച്ചക്ക് 2.00 മണി മുതൽ വൈകീട്ട് 4.30 വരെ വാഴ്സിറ്റി മീറ്റിങ് ഹാളിൽ ചേർന്നു. 62 അംഗങ്ങളിൽ 34 പേർ പങ്കെടുത്തു.

**യോഗത്തിൽ സംബന്ധിച്ചവർ**

1. ഡോ. ബഹഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.ശാഫി ഹാജി ചെമ്മാട്
3. ഡോ. യു.വി.കെ മുഹമ്മദ്
4. സി.എച്ച് ത്വയ്യിബ് ഫൈസി
5. പി.കെ മുഹമ്മദ് ഹാജി
6. ഹംസ ഹാജി മൂന്നിയൂർ
7. എം.എ ചേളാരി
8. ഡോ. എൻ.എ.എം അബ്ദുൽ ഖാദിർ
9. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
10. ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര
11. ഹംസ ഹാജി മൂന്നിയൂർ
12. കുഞ്ഞിപ്പോക്കർ കുട്ടി കെ.വി.പി
13. എം.പി സിദ്ദീഖ് ഹാജി
14. അബ്ദുൽകലാം മാസ്റ്റർ
15. അഡ്വ. പി.വി റാശിദ് ചെമ്മാട്
16. എം.എ ഖാദിർ വെളിമുക്ക്
17. പ്രൊഫ. ഡോ. എ. അബ്ദുർറഹ്മാൻ
18. പി. അബ്ദുർറഹീം ചുഴലി
19. പ്രൊഫ അബ്ദുൽ ജലീൽ ടി.
20. അഡ്വ. കെ.കെ. സൈദലവി പാലത്തിങ്ങൽ
21. മുഹമ്മദ് കുട്ടി എടക്കുളം
22. അബ്ദുൽകബീർ ഹാജി ഓമച്ചപ്പുഴ
23. ഹനീഫ മൂന്നിയൂർ
24. ശരീഫ് ഹുദവി ചെമ്മാട്
25. ഡോ. കെ.ടി ജാബിർ ഹുദവി
26. ഡോ. സുബൈർ ഹുദവി
27. ഡോ. ഫൈസൽ ഹുദവി മാരിയാട്
28. ഡോ. പി.കെ.എം ജലീൽ ഹുദവി
29. മീറാൻ ദാരിമി കാവനൂർ
30. ശമീർ ഹുദവി മേൽമുറി
31. കെ.സി മുഹമ്മദ് ബാഖവി
32. അബ്ദുശകൂർ ഹുദവി ചെമ്മാട്
33. ഡോ. സുഹൈൽ ഹിദായ ഹുദവി
34. ഡോ. റഫീഖലി ഹുദവി

അധ്യക്ഷൻ ബഹു. വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി പ്രാർത്ഥന നടത്തി. തുടർന്ന് അംഗങ്ങളെ അഭിസംബോധനം ചെയ്തു സംസാരിച്ചു. വിടപറഞ്ഞ വാഴ്സിറ്റിയുടെ  ചാൻസലറും മാനേജിങ് കമ്മിറ്റി പ്രസിഡന്റുമായ മർഹൂം സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ അനുസ്മരിക്കുകയും അദ്ദേഹത്തിനു പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. ബഹു. തങ്ങളവർകളുടെ സാരഥ്യത്തിലും മാർഗദർശനത്തിലും ഒരുപാട് വിദ്യാഭ്യാസ-ജാഗരണ പ്രവർത്തനങ്ങൾ ഇക്കാലയളിൽ ദാറുൽഹുദാക്ക് നടത്താൻ സാധിച്ചുവെന്ന് അദ്ദേഹം അനുസ്മരിച്ചു. ഫലപ്രദവും ആസൂത്രിതവുമായ കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ട സവിശേഷ സാഹചര്യത്തിലാണ്

നാമുള്ളത്. ലോകം ധാർമികത്തകർച്ചയിലാവുകയും മാനവിക മൂല്യങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പുതിയ കാലത്ത് ശക്തമായ പ്രവർത്തനങ്ങൾ ദാറുൽഹുദാ ചെയ്യേണ്ട അനിവാര്യഘട്ടമാണിപ്പോൾ. വിവിധ സംസ്ഥാനങ്ങളിൽ നിന്നു സ്ഥാപനം തുടങ്ങുന്നതിനുള്ള അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. ആവുന്നത്ര പ്രവർത്തനങ്ങൾ നമുക്ക് ചെയ്യേണ്ടതുണ്ട്. വ്യത്യസ്ത അഭിരുചികളും കാഴ്ചപ്പാടുകളുമുള്ള സെനറ്റ് അംഗങ്ങളുടെ സജീവ സഹകരണവും സഹായവും ദാറുൽഹുദാക്ക് ഉണ്ടാവേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.
തുടർന്ന് രജിസ്ടാർ എം.കെ.എം ജാബിറലി ഹുദവി അജണ്ട വിശദീകരിക്കുകയും മുൻയോഗ റിപ്പോർട്ട് സംഗ്രഹിക്കുകയും അവലോകനം നടത്തുകയും ചെയ്തു.

പിന്നീട് യോഗ അജണ്ടകൾ വിശദമായ ചർച്ചെക്കെടുത്തു.

**1. അക്കാദമിക വാർഷിക റിപ്പോർട്ട്, ഓഫ് കാമ്പസ് പ്രവർത്തനങ്ങൾ**
വാഴ്സിറ്റിയുടെ 2021-22 വർഷത്തെ വാർഷിക അക്കാദമിക റിപ്പോർട്ട് രജിസ്ട്രാർ എം.കെ.എം ജാബിറലി ഹുദവി അവതരിപ്പിച്ചു. പശ്ചിമ ബംഗാൾ, ആസാം, ആന്ധ്രപ്രദേശ്, കർണാടക ഓഫ് കാമ്പസുകളിലെ അധ്യാപക വിദ്യാർത്ഥി സ്ഥിതി വിവരങ്ങളും നിർമാണ പ്രവർത്തനങ്ങളും ഭാവി പദ്ധതികളും ബഹു. ജന. സെക്രട്ടറി യു.ശാഫി ഹാജി ചെമ്മാട് വിശദീകരിച്ചു. മഹാരാഷ്ട്രയിലെ വഡോളിയിൽ അഞ്ചാമത് ഓഫ് കാമ്പസിന്റെ നിർമാണം ദ്രുതഗതിയിൽ നടക്കുകയാണെന്നും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിർമാണം അന്തിമഘട്ടത്തിലായ ദാറുൽഹുദാ സെന്ററിൽ അടുത്ത അധ്യയന വർഷം ക്ലാസ് ആരംഭിക്കാനാകുമെന്നും സ്പെഷൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

## 2. വിവിധ സബ് കമ്മിറ്റിക്കളുടെ റിപ്പോർട്ട്

**2.1 സ്റ്റാറ്റ്യൂട്ട് ഭേദഗതി**
സർവകലാശാലാ സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി നിർദേശിച്ച ഭാഗം ഡോ. യു.വി.കെ മുഹമ്മദ് അവതരിപ്പിച്ചു. ദാറുൽഹുദാ ഇതര യൂനിവേഴ്സിറ്റികളിൽ നിന്നു വിഭിന്നമായത് കൊണ്ട് തന്നെ നമ്മുടെ നിയമങ്ങളും ചട്ടങ്ങളും വ്യത്യസ്തമാണെന്ന് അദ്ദേഹം പറഞ്ഞു. പുതുതായി നിലവിൽ വന്ന സെക്കൻഡറി, സീനിയർ സെക്കൻഡറി എജ്യുക്കേഷണൽ ബോർഡ്, പരിഷ്കരിച്ച ബോർഡ് ഓഫ് സ്റ്റഡീസ്, പുനഃക്രമീകരിച്ച കുല്ലിയ്യകൾ, ഡിപ്പാർട്ട്മെന്റുകൾ എന്നിവ കൂടി സ്റ്റാറ്റ്യൂട്ടിൽ കൂട്ടിച്ചേർക്കാൻ യോഗം അംഗീകാരം നൽകി.
സയൻസ്, മാത്സ് വിഷയങ്ങൾ ഏത് കുല്ലിയകൾക്ക് കീഴിലാണെന്ന് ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര ചോദിച്ചു. പ്രസ്തുത വിഷയങ്ങൾ സെക്കൻഡറി, സീനിയർ സെക്കൻഡറി തലങ്ങളിലായതിനാൽ എജ്യുക്കേഷണൽ ബോർഡിനു കീഴിലാണെന്ന് രജിസ്ട്രാർ മറുപടി നൽകി.

**2.2 ഹുദവി ബിരുദത്തിനുള്ള സേവന മാനദണ്ഡം**
ഹുദവികളുടെ സേവന മാനദണ്ഡത്തിന്റെ പരിധിയിൽ നിബന്ധനകളോടെ ഉന്നതപഠനം കൂടി ഉൾപെടുത്തണമെന്ന ചർച്ച മുൻ യോഗത്തിലുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഡോ. ജാബിർ ഹുദവി കെ.ടി കൺവീനറായ സമിതിയെ ഇതു സംബന്ധമായ പഠനം നടത്താൻ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് അദ്ദേഹം അവതരിപ്പിച്ചു. ഇവ്വിഷയകമായി സമിതി മുന്നോട്ടുവെക്കുന്ന നിർദേശങ്ങളും അദ്ദേഹം വായിച്ചു. പൊതുവേ ഉന്നതപഠനം സേവന കാലയളവിൽ ഉൾപെടുത്തുന്നതിനു പകരം നിശ്ചിത ശതമാനം ഹുദവികൾക്ക് അവസരം നൽകണമെന്നതാണ് സമിതിയുടെ വിലയിരുത്തലെന്ന് അദ്ദേഹം പറഞ്ഞു. ഇതു സംബന്ധമായി കൃത്യമായ നിരീക്ഷണം നടത്തേണ്ടതുണ്ടെന്നും വ്യവസ്ഥാപിത രീതിയിലായിരിക്കണം ചെയ്യേണ്ടതെന്നും ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര അഭിപ്രായപ്പെട്ടു. പന്ത്രണ്ട് വർഷത്തെ പഠനം പൂർത്തിയാക്കിയവർക്ക് രണ്ട് വർഷത്തെ നിർബന്ധിത സേവനം നിശ്ചയിച്ചത്തിന്റെ പശ്ചാത്തലം ബഹു. വൈസ് ചാൻസലർ വിശദീകരിച്ചു. സമൂഹത്തിന്റെ ചെലവിൽ പഠനം നടത്തിയതിനാൽ അവരോടുള്ള സാമൂഹിക പ്രതിബദ്ധത ഹുദവികൾക്കുണ്ടെന്നും രണ്ട് വർഷത്തെ സേവനം കൂടി പൂർത്തിയാക്കിയ ശേഷം ഉന്നത പഠനത്തിന് പോകുന്നവർക്ക് എതു സാഹചര്യങ്ങളെയും അതിജീവിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് വർഷത്തെ സേവന കാലയളവിനു ശേഷം മൾട്ടി നാഷണൽ കമ്പനികളിലേക്കു ചേക്കേറുന്ന പ്രവണത അധികരിച്ചിട്ടുണ്ടെന്നും എന്നാൽ ഉന്നത പഠനത്തിനു നേരെ പോകുന്നവർ പിന്നീട് അക്കാദമിക മേഖലയിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ഡോ. സുബൈർ ഹുദവി പറഞ്ഞു. നാം ചില മേഖലകൾ നിർണയിച്ചു തെരഞ്ഞെടുക്കപ്പെട്ടവരെ അവിടങ്ങളിലേക്ക് പറഞ്ഞയക്കാമെന്നും അവരെ കൃത്യമായി നിയന്ത്രിക്കുന്നതിനും മാർഗദർശനം നൽകുന്നതിനും ഗെയ്ഡൻസ് സെല്ലിനു കീഴിൽ സാധിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു. അക്കാദമിക സഹകരണമുള്ള സർവകലാശാലകളുമായി ഇതിനുവേണ്ടി ബന്ധപ്പെടാമെന്നും അദ്ദേഹം നിർദേശിച്ചു. സാമൂഹിക മാധ്യമങ്ങളിൽ ഇടപെടുന്ന ഹുദവികൾ പുതിയ കാലത്ത് അനിവാര്യമാണെന്നും അത്തരം മേഖലയിൽ നമ്മുടെ സാന്നിധ്യമുണ്ടായിരിക്കണമെന്നും റഹീം ചുഴലി അഭിപ്രായപ്പെട്ടു. രണ്ട് വർഷത്തെ സേവന കാലയളവ് നിശ്ചയിക്കുന്നതു മൂലം പഠനത്തുടർച്ച ഇല്ലാതാകുമെന്നും അതിനാൽ തന്നെ സേവന കാലയളവിനു ശേഷം ഉന്നതപഠനത്തിനു പോകുന്നവർ വിരളമായിരിക്കുമെന്നും ഡോ. ബശീർ മാസ്റ്റർ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ സർവ മേഖലയിലും വിദാർത്ഥികൾ എത്തിപ്പെടേണ്ടതുണ്ടെന്ന് ജലീൽ സാർ അഭിപ്രായപ്പെട്ടു. നിശ്ചിത ശതമാനം വിദ്യാർത്ഥികൾക്ക് നിബന്ധനകളോടെ ഉന്നതപഠനത്തിനു അവസരം നൽകാമെന്ന് മൊത്തത്തിൽ ധാരണയായി. ഇതു നിർണയിക്കുന്നതിനും തുടർ കാര്യങ്ങൾ ചെയ്യുന്നതിനും ദാറുൽഹുദാ മാനേജ്മെന്റ് പ്രതിനിധികൾ, കുല്ലിയ്യ ഡീനുമാർ എന്നിവരടങ്ങിയ പ്രത്യേക സമിതിയെ ചുമതലപ്പെടുത്താൻ ധാരണയായി.

**2.3 അധ്യാപക തസ്തിക നിർണയിക്കൽ**
ദാറുൽഹുദാ സംവിധാനത്തിലെ അധ്യാപകരുടെ തസ്തികകൾ ഏതു രീതിയിലായിരിക്കണമെന്നതു സംബന്ധിച്ച്

റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. സുഹൈൽ ഹിദായ ഹുദവി കൺവീനറായ സമിതിയെ മുൻ യോഗത്തിൽ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് അദ്ദേഹം അവതരിപ്പിച്ചു. നിയമനം ഏതു രീതിയിലായിരിക്കുമെന്ന് ഡോ. എൻ.എ.എം അബ്ദുൽഖാദിർ ചോദിച്ചു. ഇതു സംബന്ധമായി കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്ന് ശാഹുൽ ഹമീദ് മാസ്റ്റർ അഭിപ്രായപ്പെട്ടു. തസ്തികകളിലെ പ്രമോഷന് അപ്രൈസൽ നടപ്പിലാക്കുന്നത് പ്രചോദനമാകുമെന്ന് ഡോ. യു.വി.കെ മുഹമ്മദ് സാർ അഭിപ്രായപ്പെട്ടു. പരിശോധനക്ക് (assesment) പ്രത്യേക ബോർഡ് രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാം സമഗ്രമായി പറയുന്ന റിപ്പോർട്ടുകളാണ് പഠന സമിതി സമർപ്പിക്കേണ്ടതെന്ന് ഡോ. എൻ.എ.എം അബ്ദുൽഖാദിർ പറഞ്ഞു. ശമ്പളം അന്തിമാക്കുന്നതിനു സാലറി കമ്മീഷന്റെ അഭിപ്രായം കൂടി തേടുന്നത് ഉചിതമാകുമെന്ന് യു.ശാഫി ഹാജി അഭിപ്രായപ്പെട്ടു.
അധ്യാപക തസ്തിക നിർണയിക്കലുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിനു യോഗം അംഗീകാരം നൽകി. തുടർകാര്യങ്ങളുമായി മുന്നോട്ടുപോകാനും ധാരണയായി.

ധാരണയിലെത്തിയ തസ്തികകൾ താഴെ പറയുംപ്രകാരമാണ്.

| Section | No. | Level | Criteria |
|---|---|---|---|
| SECONDARY & SENIOR SECONDARY | 1 | Teaching Assistant | Graduation in specific area |
| | 2 | Junior Teacher | (Graduation + 2 year teaching experience + 50% in appraisal) or Masters |
| | 3 | Senior Teacher | Masters + 5 year teaching experience + 50% in appraisal |
| | 4 | Metriculation Lecturer | Masters + 10 year teaching experience + 50% in appraisal |
| | 5 | Senior Metriculation Lecturer | Masters + 15 year teaching experience + 50% in appraisal |

| | | | |
|---|---|---|---|
| DEGREE & PG | 1 | Assistant Lecturer | Masters in specific area |
| | 2 | Lecturer | Masters + 5 year teaching experience + 50% in appraisal |
| | 3 | Assistant Professor | 6 year experience as lecturer and 10 year teaching experience at college level + 50% in appraisal or PhD |
| | 4 | Associate Professor | PhD + 4 year experience as assistant professor and 10 year teaching experience at college level + 50% in appraisal |
| | 5 | Professor | 7 year experience as associate professor and 15 year teaching experience at college level + 50% in appraisal |

## 3 മഹ്ദിയ്യ ബിരുദദാനം
പൊതുവിദ്യാഭ്യാസ സംരംഭമായ സെന്റർ ഫോർ പബ്ലിക് എജ്യുക്കേഷൻ ആൻഡ് ട്രെയ്നിങിനു കീഴിലുള്ള മഹ്ദിയ്യ കോഴ്സ് പൂർത്തിയാക്കിയ 8 സ്ഥാപനങ്ങളിലെ 69 വിദ്യാർത്ഥിനികൾക്ക് മഹ്ദിയ്യ ബിരുദം നൽകാനുണ്ടെന്ന് രജിസ്ടാർ അറിയിച്ചു. പ്രസ്തുത വിദ്യാർത്ഥിനികൾക്ക് ബിരുദം നൽകാൻ യോഗം അംഗീകാരം നൽകി. മഹ്ദിയ്യ പണ്ഡിതകൾ കൂടുതലും അധ്യാപികമാരായി പ്രവർത്തിക്കുന്നതിനാൽ Early Childhood Teaching അവരുടെ സിലബസിൽ ഉൾപെടുത്തേണ്ടതുണ്ടെന്ന് ഡോ. ബശീർ മാസ്റ്റർ അഭിപ്രായപ്പെട്ടു. മഹ്ദിയ്യ ബിരുദധാരികൾ ചെറിയ വിദ്യാർത്ഥികളുടെ അധ്യാപകരാവേണ്ടവർ മാത്രമല്ലെന്നും അതിനാൽ അത്തരം ഏരിയ മാത്രം സിലബസിൽ കേന്ദ്രീകരിക്കുന്നത് ശരിയല്ലെന്നും റഹീം ചുഴലി പറഞ്ഞു. അധ്യാപിക ട്രെയ്നിങ് സിലബസിന്റെ ഭാഗമാക്കാമെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു. അൽബിർറ് സ്കൂൾ അധ്യാപികമാരുടെ യോഗ്യതയിൽ മഹ്ദിയ്യ ബിരുദധാരികളെയും സിപെറ്റിനു കീഴിലുള്ള സി.എം.എസ് കോഴ്സ് പൂർത്തിയാക്കിയവരെയും ഉൾപെടുത്തുന്നത് സംബന്ധിച്ച അപേക്ഷ സമസ്ത വിദ്യാഭ്യാസ ബോർഡ് പരിഗണിച്ചിട്ടുണ്ടെന്നും താമസംവിനാ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കാമെന്നും ഡോ. എൻ.എ.എം അബ്ദുൽഖാദിർ സാഹിബ് പറഞ്ഞു. ആൺകുട്ടികളെ കൂടി പരിഗണിച്ച് സിപെറ്റിനു കീഴിൽ ജനറൽ കോഴ്സ് ആരംഭിക്കണമെന്ന് ഡോ. കെ.ടി ജാബിർ ഹുദവി അഭിപ്രായപ്പെട്ടു. പരിഗണനയിലുണ്ടെന്നും അടുത്ത അധ്യയനവർഷം തന്നെ ആരംഭിക്കാമെന്നും രജിസ്ട്രാർ മറുപടി നൽകി.

## 4. ദാറുൽഹുദാ അഡ്മിഷൻ ടെസ്റ്റ്
4.1 ദാറുൽഹുദാ പവേശന പരീക്ഷയിൽ ഓരോ ജില്ലക്കും ക്വാട്ട നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കരടുരേഖയുണ്ടാക്കാൻ നിർദേശിച്ചതുപ്രകാരം പരീക്ഷാ കൺട്രോളർ തയ്യാറാക്കിയത് യോഗത്തിൽ അവതരിപ്പിച്ചു. നിശ്ചിത എണ്ണം സീറ്റുകളിൽ വിജയിക്കാനാവശ്യമായ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ജില്ലയിലെ സ്ഥാപനങ്ങളിലേക്ക് പ്രവേശനം നൽകുക എന്നതാണ് പദ്ധതി. ഇത്തരത്തിൽ റിസർവ് ചെയ്യുന്ന സീറ്റുകൾ സ്ഥാപനങ്ങളുടെ ആകെ അഡ്മിഷന്റെ നിശ്ചിത ശതമാനം വേണോ അതല്ലെങ്കിൽ തോത് നിശ്ചയിക്കണോ എന്നും അത്തരം വിദ്യാർഥികളെ തെരഞ്ഞെടുക്കേണ്ടത് അഡ്മിഷൻ ടെസ്റ്റ് ബോഡിയാണോ, അല്ലെങ്കിൽ സ്ഥാപനങ്ങൾക്ക് നിർദേശിക്കാനാവുമോ എന്നതു സംബന്ധിച്ചെല്ലാം ചർച്ചകൾ നടന്നു.
വിദ്യാർഥികളെ സ്ഥാപനങ്ങൾ നിർദേശിച്ചാൽ പ്രവേശന പരീക്ഷയുടെ മൂല്യം തകരുമെന്ന് പി.കെ മുഹമ്മദ് ഹാജി അഭിപ്രായപ്പെട്ടു. കട്ട് ഓഫ് മാർക്ക് ലഭിച്ച വിദ്യാർഥികളെ മാത്രമേ ഇത്തരത്തിൽ നിർദേശിക്കാനാവൂ എന്നതിനാൽ മികവില്ലാത്ത വിദ്യാർഥികൾക്ക് പ്രവേശനം ലഭിക്കുന്നത് ഇല്ലാതാകുമെന്ന് കൺട്രോളർ വിശദീകരിച്ചു.
ജില്ലാ അതിർത്തികളിലെ വിദ്യാർത്ഥികൾക്ക് തൊട്ടടുത്ത സ്ഥാപനങ്ങളിലേക്കായിരിക്കും കൂടുതൽ സൗകര്യപ്രദമെന്ന് ബഹു. വൈസ് ചാൻസലർ പറഞ്ഞു. സ്ഥാപന പരിസങ്ങളിലെ വിദ്യാർത്ഥികൾക്ക് കൂടുതൽ പരിശീലനം നൽകി ആദ്യ അലോട്ട്മെന്റിൽ തന്നെ അതതു സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന തരത്തിൽ ദാറുൽഹുദാക്ക് കീഴിൽ സംവിധാനങ്ങൾ ഒരുക്കിക്കൂടെ എന്ന് ഡോ. പി.കെ.എം. ജലീൽ ഹുദവി അന്വേഷിച്ചു. പല സംഘടനകളും തങ്ങളുടേതായ രീതിയിൽ ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടെന്നും, പരിശീലന ക്യാപുകളിൽ നിന്നു ബൂസ്റ്റ് ചെയ്തെടുക്കുന്ന വിദ്യാർഥികൾ പന്ത്രണ്ട് വർഷം നീണ്ടുനിൽക്കുന്ന നമ്മുടെ സംവിധാനത്തിൽ തുടർന്നുപോകാൻ പ്രയാസം നേരിടാൻ സാധ്യതയുള്ളതിനാൽ ദാറുൽഹുദാ നേരിട്ടു ഇത്തരം പരിപാടികൾ നടത്താറില്ലെന്നും, അതേസമയം കൂടുതൽ വിദ്യാർഥികളെ പരീക്ഷക്കിരുത്താനുള്ള പ്രചരണങ്ങളും പ്രവർത്തനങ്ങളും നിരന്തരം നടത്താറുണ്ടെും കൺട്രോളർ വ്യക്തമാക്കി.
അപേക്ഷകരുടെ എണ്ണം കുറവുള്ള സ്ഥാപനങ്ങളിൽ നേരത്തേ നിർദേശം നൽകി വേണ്ട പ്രചരണങ്ങൾ നടത്താൻ ആവശ്യപ്പെടുന്നത് ഉചിതമായിരിക്കുമെന്ന് ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി അഭിപ്രായപ്പെട്ടു. അങ്ങനെ ചെയ്യാറുണ്ടെന്നും പുതുതായി തുടങ്ങുന്ന ദാറുൽഹുദാ നെടുമങ്ങാട് സെന്ററിനു കീഴിൽ പരിസരപ്രദേശത്തുകാർക്കിടയിൽ പ്രചരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും യു. ശാഫി ഹാജി പറഞ്ഞു.
ഹയർ സെക്കന്ററി അഡ്മിഷന് ചെയ്യാറുള്ളത് പോലെ പ്രദേശത്തിന് സ്കോർ നൽകുന്നത് ആലോചിക്കാമെന്ന് ഡോ.ബശീർ മാസ്റ്റർ പനങ്ങാങ്ങര നിർദേശിച്ചു. പ്രവേശന പരീക്ഷയിൽ വളരെ ചെറിയ മാർക്കുകൾ പോലും റാങ്ക് ലിസ്റ്റിൽ വലിയ ആഘാതങ്ങളുണ്ടാക്കുന്നതിനാൽ കൂടുതൽ ആലോചന നടത്തേണ്ടതുണ്ടെന്ന് പരീക്ഷാ കൺട്രോൾ വിശദീകരിച്ചു. മലപ്പുറമല്ലാത്ത ജില്ലകളിലെ സ്ഥാപനങ്ങളിലേക്ക് പ്രവേശനം നൽകപ്പെടുന്നതിന്റെ 10 ശതമാനം വരെ സീറ്റുകൾ റിസർവുചെയ്യാമെന്നും അതിനായി സ്ഥാപനങ്ങൾ പ്രത്യേകം അപേക്ഷിക്കണമെന്നും ധാരണയായി.

### 4.2 പ്രവേശന പരീക്ഷയിൽ ഗ്രെയ്സ് മാർക്ക് നൽകൽ
മദ്രസാ കലോത്സവങ്ങളിലും മറ്റു ഇസ്‌ലാമിക കലാപരിപാടികളിലും പങ്കെടുത്തതിന് ഗ്രെയ്സ് മാർക്ക് നൽകണമെന്ന് നേരത്തേ ആവശ്യമുയരുകയും ദാറുൽഹുദാ അഫിലിയേറ്റഡ് സ്ഥാപന മേധാവികളുടെ യോഗത്തിൽ ചർച്ച നടത്തുകയും ചെയ്തിരുന്നു. ഏതെല്ലാം പരിപാടികളാണ് പരിഗണിക്കേണ്ടതെന്നും ആരുടെ പരിപാടികളൊക്കെ അംഗീകരിക്കണക്കണമെന്നും ഏത് രീതിയിലാണ് മാർക്ക് നൽകേണ്ടതെന്നുമെല്ലാം ചർച്ച ചെയ്തു. ഈ ആവശ്യം സെനറ്റ് തത്വത്തിൽ അംഗീകരിക്കുകയും വിശദ പഠനങ്ങൾക്കും നടപ്പാക്കാനുമായി ഉപസമിതിയെ നിശ്ചയിക്കുകയും ചെയ്യുകയാണ് നല്ലതെന്ന് ഡോ. എൻ.എ.എം. അബ്ദുൽഖാദിർ അഭിപ്രായപ്പെട്ടു.
ഗ്രെയ്സ് മാർക്ക് പരീക്ഷാ സമയത്തു നൽകുകയാണോ, ശേഷം ചേർത്തുനൽകുകയാണോ വേണ്ടതെന്ന് ശമീർ ഹുദവി മേൽമുറി ആരാഞ്ഞു. പരീക്ഷാ പ്രക്രിയ പൂർത്തിയായതിന് ശേഷമേ ഈ മാർക്ക് നൽകാനാവൂ എന്ന് ബഹു. വൈസ് ചാൻസലർ മറുപടി പറഞ്ഞു. ഈ വർഷം തന്നെ ഗ്രെയ്സ് മാർക്ക് നടപ്പാക്കാൻ ധാരണയായി. വിശദ വിവരങ്ങൾക്കായി ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര, ശാഹുൽഹമീദ് മാസ്റ്റർ മേൽമുറി, റഹീം ചുഴലി, രണ്ട് ദാറുൽഹുദാ പ്രതിനിധികൾ എന്നവരുൾപ്പെട്ട പ്രത്യേക സമിതിയെ ചുമതലപ്പെടുത്തി.

**4.3 സഹ്റാവിയ്യാ സഹസ്ഥാപനങ്ങളിലെ വിദ്യാർഥിനികളുടെ പ്രവേശന പ്രായ പരിധി**
ഹുദവി കോഴ്സ് പ്രവേശനത്തിന് ദാറുൽഹുദായിൽ പതിനൊന്നരയും സഹസ്ഥാപനങ്ങളിൽ പന്ത്രണ്ടും എന്നതു പോലെ സഹ്റാവിയ്യാ കോഴ്സിനും സഹസ്ഥാപനങ്ങളിൽ ഇളവ് അനുവദിക്കാമെന്നും ഇതുപ്രകാരം ഫാത്തിമ സഹ്റാ വനിതാ കോളേജിൽ പതിമൂന്നരയും സഹസ്ഥാപനങ്ങളിൽ പതിനാലും വയസ്സ് എന്ന രീതിയിൽ പ്രായപരിധി പുതുക്കി നിശ്ചയിക്കാമെന്നും തീരുമാനിച്ചു.

**4.4 അൽബിർറ് അഞ്ചാംതരം പാസായവരെ കൂടി പരിഗണിക്കൽ**
അൽബിർറ് സംവിധാനം അഞ്ചാം തരത്തിലെത്തുന്നതോടെ അവരെ കൂടി അഞ്ചാം തരം പാസായവരുടെ പരിഗണനയിൽ ഉൾപെടുത്തണമെന്ന ആവശ്യമുയരുന്നുണ്ടെന്ന് കൺട്രോളർ അറിയിച്ചു. സമസ്ത അൽബിർറിനെ അംഗീകരിക്കുന്നതോടെ സ്വാഭാവികമായി രണ്ടു കോഴ്സും തുല്യത നേടുമെന്നും മറ്റൊരു അംഗീകാരത്തിന്റെ ആവശ്യമില്ലെന്നും അംഗങ്ങൾ സൂചിപ്പിച്ചു.

## 5. അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ
ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ മഅ്ദിനുൽഉലൂം അക്കാദമിയിൽ  ഹുദവി പ്രോഗ്രാമിന് അഫിലിയേഷൻ നൽകാൻ തീരുമാനിച്ചു.
കൊടുവള്ളി മുസ്‌ലിം ഓർഫനേജ് അക്കാദമി, മാടന്നൂർ നൂറുൽഹുദാ ഇസ്‌ലാമിക് അക്കാദമി, കളമശ്ശേരി അൽഹിദായ ഇസ്‌ലാമിക് അക്കാദമി എന്നിവിടങ്ങളിൽ ഡിഗ്രി ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ കളമശ്ശേരി സ്ഥാപനത്തിന് യു.ജി അക്രഡിറ്റേഷനിൽ ബി ഗ്രെയ്ഡ് മാത്രമാണുള്ളതെന്നും ഡിപ്പാർട്ട്മെന്റുകൾ തുടങ്ങുതിനുള്ള മാനദണ്ഡമാവാത്തതിനാൽ വീണ്ടും അക്രഡിറ്റേഷന് അപേക്ഷ നൽകിയിട്ടുണ്ടെന്നും രജിസ്ട്രാർ അറിയിച്ചു.
കെ.എം.ഒ അക്കാദമി കൊടുവള്ളി, മാടന്നൂർ നൂറുൽഹുദാ ഇസ്‌ലാമിക് അക്കാദമി എന്നീ സ്ഥാപനങ്ങൾക്ക് ഉപസമിതി നിശ്ചയിക്കുന്ന ഡിപ്പാർട്ട്മെന്റുകൾ അനുവദിക്കാനും, കളമശ്ശേരി സ്ഥാപനത്തിൽ മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന മുറക്ക് ഡിഗ്രി അനുവദിക്കാനും തീരുമാനിച്ചു.

വൈകീട്ട് 4.20 ന് യോഗം അവസാനിച്ചു.

**Approved by:**
**Dr. Bahauddeen Muhammad Nadwi**
**Vice Chancellor**

DARUL HUDA ISLAMIC UNIVERSITY ★ Kerala, India 676 306 ★ CHEMMAD, MALAPPURAM